പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6592 | 01.11.2011-ലെ മറുപടിക്ക് |
|---|---|

## മാലിന്യമുക്ത കുടിവെള്ളം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) കോഴിക്കോട് നഗരത്തിൽ സ്വകാര്യ വ്യക്തികൾ ടാങ്കുകളിലും, ചെറിയ കണ്ടെയ്നറുകളിലുമായി ഹോട്ടലുകളിലും, മറ്റ് സ്ഥാപനങ്ങളിലും വിതരണം ചെയ്യുന്ന കുടിവെള്ളം ശുദ്ധീകരിക്കപ്പെട്ടതും, മാലിന്യമുക്തവുമാണോ എന്ന് ആരോഗ്യ വകുപ്പ് പരിശോധന നടത്താറുണ്ടോ; | എ) കുപ്പിവെള്ളം ഒഴികെയുള്ള ജലം മായം ചേർക്കൽ നിയമ പ്രകാരം ഭക്ഷ്യ വസ്തുക്കളുടെ നിർവചനത്തിൽ ചേർത്തിട്ടില്ലാത്തിനാൽ കിണർ വെള്ളമോ, സ്വകാര്യ വ്യക്തികൾ കണ്ടെയ്നറുകളിൽ വിതരണം നടത്തിവരുന്ന വെള്ളമോ പരിശോധന നടത്താറില്ല. |
| ബി) ഇല്ലെങ്കിൽ പരിശോധന നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | ബി) പുതിയതായി നിലവിൽ വന്ന 2006 -ലെ ഭക്ഷ്യ സുരക്ഷാ നിലവാര നിയമ പ്രകാരം ഹോട്ടലുകളിലും മറ്റും പാചകം ചെയ്യാനുപയോഗിക്കുന്ന ജലവും ഭക്ഷണത്തിന്റെ നിർവചനത്തിൽ ഉൾപ്പെടുന്നതിനാൽ അപ്രകാരമുള്ള ജലവും പരിശോധനകൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ